ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 02.09.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. **കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികൾ പൗരൻമാരെ സാമ്പത്തികമായി ശാക്തീകരിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു**

   **President Droupadi Murmu has said that every citizen of India is financially empowered through various schemes of the Government.**

2. **ഇന്ത്യ നിർമിച്ച ഏറ്റവും ചെറിയ ചിപ്പ് ലോകത്തെ ഏറ്റവും വലിയ മാറ്റത്തിന് കാരണമാകുന്ന ദിവസം വിദൂരമല്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി**

   **Prime Minister Narendra Modi says the day is not far when India's smallest chip will drive the biggest change in the world.**

3. **ചില ബില്ലുകളിൽന്മേൽ തീരുമാനം എടുക്കാനുണ്ടാകുന്ന കാലതാമസം കാരണം രാഷ്ട്രപതിക്കും ഗവർണർമാർക്കും പൊതു സമയപരിധി നിർണയിക്കാനാകില്ലെന്ന് സുപ്രീംകോടതി.**

   **Instances Of Delay in Bills Assent can't Justify Imposing Fixed Timelines for Governors & President: Supreme Court.**

4. **ഈ വർഷത്തെ ദേശീയ അധ്യാപക അവാർഡുകൾ പ്രഖ്യാപിച്ചു. കേരളത്തിൽ നിന്നും രണ്ട് പേർക്ക് പുരസ്കാരം**

**National Teachers Awards 2025 have been announced. Two teachers from Kerala are being selected for the award.**

5. **കേരളത്തിൽ ഓണം വാരാഘോഷത്തിന് നാളെ തിരി തെളിയും. മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം നിർവ്വഹിക്കും**

**The Onam week celebrations will begin in Kerala tomorrow. Chief Minister Pinarayi Vijayan will inaugurate the event in Thiruvananthapuram.**

6. **യു.എസ് ഓപ്പൺ ടെന്നീസ് ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. കെ സി എല്ലിൽ കാലിക്കറ്റ് ഗ്ലോബ്സ്റ്റാർസിനെതിരെ കൊച്ചി ബ്ലൂടൈഗേഴ്സിന് മൂന്ന് വിക്കറ്റ് ജയം.**

**US open quarter finals will begin today. In KCL, Kochi Blue tigers secured a three-wicket victory against Calicut Globe stars.**

✡✡✡✡✡✡✡✡✡✡✡✡✡✡✡

## TN-PRESIDENT VISIT

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികൾ പൗരൻമാരെ സാമ്പത്തികമായി ശാക്തീകരിക്കുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു. ചെന്നൈയിൽ സിറ്റി യൂണിയൻ ബാങ്കിന്റെ നൂറ്റി ഇരുപതാം വാർഷികാഘോഷങ്ങളെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയിൽ ബാങ്കിംഗ് മേഖല നിർണായക പങ്ക് വഹിക്കുന്നുണ്ട്. ഗ്രാമ-നഗര വ്യത്യാസം ലഘൂകരിക്കാൻ പൗരകേന്ദ്രീ കൃതമായ പദ്ധതികൾ നടപ്പിലാക്കിയതിന് ചടങ്ങിൽ പങ്കെടുത്ത കേന്ദ്രധനമന്ത്രി നിർമല സീതാരാമനെ രാഷ്ട്രപതി അഭിനന്ദിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## PM - SEMICON INDIA

ഇന്ത്യ നിർമിച്ച ഏറ്റവും ചെറിയ ചിപ്പ് ലോകത്തെ ഏറ്റവും വലിയ മാറ്റത്തിന് കാരണമാകുന്ന ദിവസം വിദൂരമല്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിലെ യശോഭൂമിയിൽ സെമികോൺ ഇന്ത്യ – 2025 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇന്ത്യയുമായി ചേർന്ന്

സെമികണ്ടക്ടർ മേഖലയിൽ മികച്ച ഭാവി കെട്ടിപ്പടുക്കാൻ ലോകം സന്നദ്ധമാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ലോകത്തിൻറെ പുരോഗതി ത്വരിതപ്പെടുത്താൻ ചിപ്പുകൾക്ക് ശക്തിയുണ്ടെന്നും ശ്രീ നരേന്ദ്ര മോദി വ്യക്തമാക്കി. ഇന്ത്യയുടെ സെമികണ്ടക്ടർ ആവാസ വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് മൂന്ന് ദിവസത്തെ സെമികോൺ ഇന്ത്യ സമ്മേളനം സംഘടിപ്പിച്ചിരിക്കുന്നത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## REV. SEMICON (INTRO)

രാജ്യത്ത് അഞ്ച് സെമികണ്ടക്ടർ യൂണിറ്റുകളുടെ നിർമ്മാണം അതിവേഗം പുരോഗമിക്കുകയാണെന്ന് കേന്ദ്രമന്ത്രി അശ്വനി വൈഷ്ണവ് പറഞ്ഞു.

(ഹോൾഡ് വോയിസ്)

ഇന്ത്യയിൽ നിർമിച്ച ആദ്യ ചിപ്പ് സെമിക്കോൺ ഇന്ത്യ വേദിയിൽ ശ്രീ. വൈഷ്ണവ് പ്രധാനമന്ത്രിക്ക് സമ്മാനിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## PM-JEEVIKA NIDHI- EARLY (INTRO)

ലഖ്പതി ദിദി, ഡ്രോൺ ദിദി, ബാങ്ക് സഖി തുടങ്ങിയ സംരംഭങ്ങളിലൂടെ വനിതകളുടെ വരുമാനം വർധിപ്പിക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ബിഹാർ രാജ്യ ജീവിക നിധി സഹ് സഹകാരി സംഘ് ലിമിറ്റഡിന് ഓൺലൈനായി തുടക്കം കുറിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

(ഹോൾഡ്)

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പിന്തുണയോടെയുള്ള സംരംഭത്തിലൂടെ, ജീവികയിലെ അംഗങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ ലഭ്യമാക്കും.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## PM- OPPOSITION REMARKS

തന്റെ അമ്മയ്ക്കെതിരെ പ്രതിപക്ഷം നടത്തിയ അപകീർത്തികരമായ പരാമർശങ്ങളിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദുഃഖം രേഖപ്പെടുത്തി.

രാഷ്ട്രീയവുമായി ബന്ധമില്ലാത്ത അമ്മയെ ലക്ഷ്യം വച്ചുള്ള പ്രതിപക്ഷ പരാമർശം രാജ്യത്തെ എല്ലാ അമ്മമാരെയും സഹോദരിമാരെയും അപമാനിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു.

## SC- BILLS- TIME LIMIT

ചില ബില്ലുകളിൽമേൽ തീരുമാനം എടുക്കാനുണ്ടാകുന്ന കാലതാമസം കാരണം രാഷ്ട്രപതിക്കും ഗവർണർമാർക്കും പൊതു സമയപരിധി നിർണയിക്കാനാകില്ലെന്ന് സുപ്രീംകോടതി. രാഷ്ട്രപതിയുടെ റഫറൻസ് സംബന്ധിച്ച വാദത്തിനിടെയാണ് കോടതിയുടെ വാക്കാലുള്ള പരാമർശം. കാലതാമസം വരുന്ന കേസുകളിൽ, കക്ഷികൾക്ക് കോടതിയെ സമീപിക്കാമെന്നും, അതിനർഥം, പൊതുവായ സമയപരിധി നിർണയിക്കാൻ കഴിയുമെന്നല്ലെന്നും സുപ്രീം കോടതി നിരീക്ഷിച്ചു.

## TEACHERS AWARD

ഈ വർഷത്തെ ദേശീയ അധ്യാപക പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കേരളത്തിൽ നിന്നുള്ള രണ്ട് അധ്യാപകർ പുരസ്കാര പട്ടികയിൽ ഇടം നേടി. തിരുവനന്തപുരം കല്ലറ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ കിഷോർകുമാർ എം.എസ്, തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജി സീനിയർ പ്രൊഫസറും അസോസിയേറ്റ് ഡീനുമായ മനോജ് ബി.എസ് എന്നിവരാണ് പുരസ്കാരം നേടിയത്.

## ANGANVADI CO LOCATION

പ്രൈമറി സ്കൂളുകളോട് ചേർന്ന് അംഗൻവാടികൾ സ്ഥാപിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കേന്ദ്ര വനിതാ-ശിശു വികസന മന്ത്രാലയവും സ്കൂൾ വിദ്യാഭ്യാസ-സാക്ഷരതാ വകുപ്പും ചേർന്ന് നാളെ ന്യൂഡൽഹിയിൽ പുറത്തിറക്കും. വിജ്ഞാൻ ഭവനിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്രമന്ത്രി അന്നപൂർണ ദേവി, വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ തുടങ്ങിയവർ പങ്കെടുക്കും. സ്കൂളുകൾക്കുള്ളിലോ സമീപത്തോ

അംഗൻവാടി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളാണ് പുറത്തിറക്കുന്നത്.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## KAVITHA-SUSPENSION

ഭാരത് രാഷ്ട്ര സമിതി നേതാവും തെലങ്കാന നിയമനിർമാണ കൗൺസിൽ അംഗവുമായ കെ. കവിതയെ പാർട്ടിയിൽ നിന്ന് സസ്പെൻഡ് ചെയ്തു. കവിതയുടെ പിതാവും, പാർട്ടി അധ്യക്ഷനും, മുൻ മുഖ്യമന്ത്രിയുമായ കെ ചന്ദ്രശേഖർ റാവുവിന്റേതാണ് തീരുമാനം. പാർട്ടി വിരുദ്ധ പ്രവർത്തനങ്ങൾ ആരോപിച്ചാണ് സസ്പെൻഷൻ.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## VOTERS LIST

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൻറെ അന്തിമ വോട്ടർപ്പട്ടിക സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ഇന്ന് പ്രസിദ്ധീകരിക്കും. 29 ലക്ഷത്തി 81,310 പേരാണ് വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അപേക്ഷിച്ചിട്ടുള്ളത്. ഇതിൽ 5,595 പേർ പ്രവാസികളാണ്.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## ONAM STATE CELEBRATION (INTRO)

സംസ്ഥാനത്തെ ഓണം വാരാഘോഷത്തിന് നാളെ തിരി തെളിയും. തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. ഹരിതച്ചട്ടം പൂർണമായും പാലിച്ചായിരിക്കും ഇത്തവണത്തെ ആഘോഷങ്ങൾ.

വിശദാംശങ്ങളിലേക്ക്.....

(ഹോൾഡ് വോയ്സ്)

✡✡✡✡✡✡✡✡✡✡✡✡✡✡✡

## GEORGE KURIAN- KOLLAM

കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നാളെ കൊല്ലം ജില്ലയിലെത്തും. വൈകിട്ട് ഓച്ചിറ, ശാസ്താംകോട്ട റെയിൽവേ സ്റ്റേഷനുകളിൽ നടക്കുന്ന ട്രെയിൻ ഫ്ലാഗ് ഓഫ് പരിപാടികളിൽ അദ്ദേഹം പങ്കെടുക്കും.

✪✪✪✪✪✪✪✪✪✪✪✪✪✪✪

## REV. US OPEN TENNIS

യു.എസ് ഓപ്പൺ ടെന്നീസ് ക്വാർട്ടർ ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. പുരുഷ സിംഗിൾസിൽ ലോക രണ്ടാം നമ്പർ താരം സ്പെയിനിൻറെ കാർലോസ് അൽക്കാരാസ്, ചെക് താരം ജിൻ ലെഹിച്ചയെ നേരിടും. നാളെ നടക്കുന്ന മത്സരത്തിൽ നൊവാക് ജോക്കോവിച്ച്, ടെയ്‌ലർ ഫ്രിറ്റ്സിനെയും നേരിടും.

✪✪✪✪✪✪✪✪✪✪✪✪✪✪✪

## KCL

കെസിഎല്ലിൽ കാലിക്കറ്റ് ഗ്ലോബ്സ്റ്റാഴ്സിനെതിരെ കൊച്ചി ബ്ലൂ ടൈഗേഴ്സിന് മൂന്ന് വിക്കറ്റ് ജയം. കാലിക്കറ്റ് ഉയർത്തിയ 166 റൺ വിജയലക്ഷ്യം പിന്തുടർന്നിറങ്ങിയ കൊച്ചി, മൂന്ന് വിക്കറ്റ് നഷ്ടത്തിൽ മൂന്ന് പന്ത് ബാക്കി നിൽക്കെ ജയം സ്വന്തമാക്കി.

✪✪✪✪✪✪✪✪✪✪✪✪✪✪✪

## STARC T20-RETIREMENT

ഓസ്ട്രേലിയൻ ഫാസ്റ്റ് ബോളർ മിച്ചൽ സ്റ്റാർക് അന്താരാഷ്ട്ര ടി-20 മത്സരങ്ങളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു. ടെസ്റ്റ്, ഏകദിന മത്സരങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനാണ് ഈ തീരുമാനമെന്ന് അദ്ദേഹം വ്യക്തമാക്കി. അറുപത്തിയഞ്ച് അന്താരാഷ്ട്ര ടി-20 മത്സരങ്ങളിൽ നിന്നായി 79 വിക്കറ്റ് മിച്ചൽ സ്റ്റാർക് നേടിയിട്ടുണ്ട്.

✪✪✪✪✪✪✪✪✪✪✪✪✪✪✪

## LAKSHADWEEP INTERNSHIP

ലക്ഷദ്വീപിലെ കടമത്ത് സർക്കാർ കോളേജിൽ നിന്നുള്ള അൻപത്തിയേഴ് വിദ്യാർത്ഥികളുടെ ഇൻറേൺഷിപ്പ് പൂർത്തീകരണ ചടങ്ങ് നാളെ എറണാകുളത്ത് നടക്കും. യുവജനങ്ങൾക്ക് ഇൻറേൺഷിപ്പ് അവസരങ്ങൾ

നൽകാനുള്ള പ്രധാനമന്ത്രിയുടെ ആഹ്വാനത്തിൻറെ അടിസ്ഥാനത്തിലായിരുന്നു നാല്പത്തിയഞ്ച് ദിവസത്തെ പരിശീലനം.

✪✪✪✪✪✪✪✪✪✪✪✪✪✪✪

## IMD-WEATHER

ഉത്തരാഖണ്ഡ്, ജമ്മു കശ്മീർ എന്നിവിടങ്ങളിൽ അടുത്ത 24 മണിക്കൂറിനുള്ളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കനത്ത മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് പഞ്ചാബിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. അതേസമയം, ഒഡീഷ, ഛത്തീസ്ഗഡ് എന്നിവിടങ്ങളിലും മഴ ശക്തി പ്രാപിക്കും. മോശം കാലാവസ്ഥയെത്തുടർന്ന് ജമ്മു കശ്മീരിലെ മാതാ വൈഷ്ണോ ദേവി ക്ഷേത്രത്തിലേക്കുള്ള തീർത്ഥാടനം തുടർച്ചയായ എട്ടാം ദിവസവും തടസപ്പെട്ടു.

✪✪✪✪✪✪✪✪✪✪✪✪✪✪✪

## RAIN - KERALA

കേരളത്തിൽ നാളെ മുതൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ആറ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രതയാണ്. കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നു മുതൽ മറ്റന്നാൾ വരെയും, കേരള തീരത്ത് നാളെയും മറ്റന്നാളും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

✪✪✪✪✪✪✪✪✪✪✪✪✪✪✪

## UAE- AMBASSADOR

യുഎഇയിലെ ഇന്ത്യൻ അംബാസഡറായി ദീപക് മിത്തലിനെ വിദേശകാര്യ മന്ത്രാലയം നിയമിച്ചു.1998 ബാച്ച് ഇന്ത്യൻ ഫോറിൻ സർവീസ് ഉദ്യോഗസ്ഥനാണ് ശ്രീ. മിത്തൽ. നിലവിലെ അംബാസഡർ സഞ്ജയ് സുധീറിന്റെ പിൻഗാമിയായാണ് അദ്ദേഹം നിയമിതനാകുന്നത്.

✪✪✪✪✪✪✪✪✪✪✪✪✪✪✪

## SRI LANKA -INDIAN TOURISTS

ശ്രീലങ്കയിലെത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ ഇന്ത്യക്കാർ മുന്നിലെന്ന് റിപ്പോർട്ട്. ശ്രീലങ്ക ടൂറിസം വികസന അതോറിറ്റിയുടെ കണക്കുകൾ പ്രകാരം കഴിഞ്ഞ മാസത്തിൽ ശ്രീലങ്ക സന്ദർശിച്ച ഒരു

ലക്ഷത്തി 98,000 ലധികം വിനോദസഞ്ചാരികളിൽ 46,473 പേർ ഇന്ത്യാക്കാരാണ്.

✡✡✡✡✡✡✡✡✡✡✡✡✡✡✡

## GAZA-MALNUTRITION

പോഷകാഹാരക്കുറവ് മൂലം ഓഗസ്റ്റ് മാസത്തിൽ മാത്രം 15 കുട്ടികൾ ഉൾപ്പെടെ 185 പേർ മരിച്ചതായി ഗാസ ആരോഗ്യ മന്ത്രാലയം. ഇതോടെ ഗാസയിലെ പട്ടിണി മരണങ്ങളുടെ എണ്ണം 361 ആയി. ഗാസയിൽ അഞ്ച് വയസ്സിന് താഴെയുള്ള 43,000 കുട്ടികളും 55,000-ത്തിലധികം ഗർഭിണികളും മുലയൂട്ടുന്ന സ്ത്രീകളും പോഷകാഹാരക്കുറവ് മൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കുന്നുണ്ടെന്ന് അധികൃതർ അറിയിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡✡✡✡✡✡
✡✡✡✡✡✡✡